# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.3592 — 14/03/2017-ൽ മറുപടിക്ക്

### തിരുവനന്തപുരം സിറ്റിയിൽ പുതിയ ഫയർ സ്റ്റേഷനുകൾ

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) സെക്രട്ടേറിയറ്റിലും, ശ്രീപദ്മ നാഭസ്വാമി ക്ഷേത്ര പരിസര ത്തും പുതിയ ഫയർ സ്റ്റേഷ നുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>ബി) ഇതിലേക്കായുള്ള സ്ഥലമേറ്റെ ടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;<br><br>സി) ഈ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരി ക്കാൻ എന്തെല്ലാം നടപടിക ളാണ് സ്വീകരിക്കാനുദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കാമോ? | (എ), (ബി) & (സി)<br>സെക്രട്ടേറിയറ്റ് മെയിൻ കോമ്പൗണ്ടിൽ ഫയർ ടെണ്ടർ പാർക്ക് ചെയ്യുന്നതിനും, ഫയർ & റെസ്ക്യു സർവ്വീസസ് ഉദ്യോഗസ്ഥർക്ക് ഓഫീസ് ഉൾപ്പെടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡിസൈൻ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. .ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്ന താണ്.<br>ശ്രീപത്മനാഭ സ്വാമി ക്ഷേത്ര പരിസരത്ത് ഫയർസ്റ്റേഷന് സ്ഥലം കണ്ടെത്തി നൽകുന്ന തിനായി ക്ഷേത്രഭരണ സമിതി ചെയർപേഴ്സണ് കത്ത് നൽകി യിട്ടുണ്ട്. സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതി നാവശ്യമായ ഭരണാനുമതി നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ